ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം

**No.EX:IV1/18535/HSE/2016**

തീയതി: **07/06/2017**

# സർക്കുലർ

വിഷയം:- ഹയർസെക്കന്ററി രണ്ടാം വർഷ സർട്ടിഫിക്കറ്റ് വിതരണം സംബന്ധിച്ച്.

രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും മൈഗ്രേഷൻ സർട്ടിഫിക്കറ്റുകളും ജൂൺ 14 മുതൽ വിതരണത്തിനായി സ്കൂളുകളിൽ ലഭ്യമാകും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കണ്ടതാണ്.

1. ലഭ്യമായ സർട്ടിഫിക്കറ്റുകൾ അതാത് സ്കൂളിലേത് ആണെന്ന് ചീഫ് സൂപ്രണ്ട് /പ്രിൻസിപ്പൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് തങ്ങളുടെ സ്കൂളിലേതാണെന്ന് ഉറപ്പുവരുത്തിയശേഷം നിശ്ചിത വലുപ്പത്തിലുള്ള സീൽ നിർദ്ദിഷ്ടസ്ഥാനത്ത് പതിച്ചശേഷം പ്രിൻസിപ്പൽമാർ നീലയോ കറുപ്പോ മഴിപ്പേന ഉപയോഗിച്ച് നിശ്ചിത സ്ഥാനത്ത് ഒപ്പിടേണ്ടതാണ്.
3. വിതരണം ചെയ്യുന്നതിന് മുമ്പ് കൗണ്ടർഫോയിലിൽ വിദ്യാർത്ഥിയുടെ ഒപ്പ് വാങ്ങി കൗണ്ടർ ഫോയിൽ സൂക്ഷിക്കേണ്ടതാണ്.
4. ലഭ്യമായ സർട്ടിഫിക്കറ്റുകളിൽ പരീക്ഷയെഴുതിയ എല്ലാ വിദ്യാർത്ഥികളുടേയും സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുക, കേടുപാടുള്ള സർട്ടിഫിക്കറ്റ് ലഭിക്കുക തുടങ്ങിയവ ശ്രദ്ധയിൽപെട്ടാൽ ടി വിവരം പരീക്ഷാ വിഭാഗത്തിനെ അറിയിക്കേണ്ടതാണ്.

ഒപ്പ്/

ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)